# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2271

05.02.2018-ൽ
മറുപടിക്ക്

## മുദ്രപ്പത്രങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ബി.ഡി. ദേവസ്സി** | **ശ്രീ.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്ത് ചെറിയ ഡിനോമിനേഷൻ മുദ്രപ്പത്രങ്ങളായ 50, 100 എന്നിവയ്ക്ക് ചില ജില്ലകളിൽ ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) തൃശ്ശൂർ ജില്ലയിൽ ചാലക്കുടിയടക്കമുള്ള സ്ഥലങ്ങളിൽ 50, 100 രൂപയുടെ മുദ്രപ്പത്രങ്ങൾ തീരെ ലഭ്യമല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി, അവ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ? | ബി) തൃശ്ശൂർ ജില്ലയിൽ 50 ന്റേയും 100 ന്റേയും മുദ്രപ്പത്രങ്ങൾ ആവശ്യാനുസരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുദ്രപ്പത്ര സ്റ്റോക്ക് ലഭ്യമായ പാലക്കാട്, വയനാട് ഡിപ്പോകളിൽ നിന്നും അവിടേക്ക് മുദ്രപ്പത്രങ്ങൾ എത്തിച്ച് ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. മുദ്രപ്പത്ര സ്റ്റോക്ക് ആവശ്യാനുസരണം ലഭ്യമായ ഡിപ്പോകളിൽ നിന്നും ദൗർലഭ്യമുള്ള ട്രഷറികളിലേക്ക് മുദ്രപ്പത്ര വിതരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ മുദ്രപ്പത്ര സ്റ്റോക്ക് ലഭ്യമല്ലാത്ത സാഹചര്യത്തിൽ മുദ്രപ്പത്ര വിതരണം സുഗമമാക്കുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**